# 6 ഓമനച്ചങ്ങാതിമാർ

ചുറ്റുപാടുമുള്ള ജീവികളുമായി ബന്ധപ്പെട്ട ഒട്ടേറെ അനുഭവങ്ങൾ കുട്ടികൾക്കുണ്ടായിരിക്കും; നേരിട്ടുള്ളതും അല്ലാത്തതുമായ അനുഭവങ്ങൾ. പരിചിതമായ വളർത്തുജീവികളിൽ നിന്നു തുടങ്ങി വിശാലമായ ജന്തുലോകത്തേക്കു കടക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ജീവികളുടെ സ്വഭാവസവിശേഷതകൾ, പാർപ്പിടം, ആഹാരശീലങ്ങൾ തുടങ്ങിയവയെക്കുറിച്ച ധാരണകൾ വിപുലീകരിക്കാനും കഴിയേണ്ടതുണ്ട്. കൂടാതെ, വളർത്തുജീവികളെ സ്നേഹിക്കാനും പരിപാലിക്കാനുമുള്ള മനോഭാവം രൂപപ്പെടാനും ഇതിലൂടെ സാധിക്കും.



| യൂണിറ്റ് ഫ്രെയിം | | ഭാഷ |
|---|---|---|
| **ആശയങ്ങൾ/ശേഷികൾ** | **വ്യവഹാരരൂപങ്ങൾ/ഭാഷാ വസ്തുതകൾ/ഊന്നൽ അക്ഷരങ്ങൾ** | **പഠനനേട്ടങ്ങൾ** |
| • ചിത്രവായനയിലൂടെ ആശയങ്ങൾ മനസ്സിലാക്കി ചോദ്യങ്ങൾക്ക് ലഘുവാക്യങ്ങളിൽ ഉത്തരം എഴുതുകയും പറയുകയും ചെയ്യൽ.<br>• പാഠത്തിൽനിന്ന് നിശ്ചിതപദങ്ങൾ/വാക്യങ്ങൾ എന്നിവ കണ്ടെത്തി വായിക്കൽ/എഴുതൽ.<br>• അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചാരണശുദ്ധിയോടെ പദങ്ങൾ/വാക്യങ്ങൾ വായിക്കൽ/എഴുതൽ.<br>• നാടകീകരണത്തിനുള്ള സംഭാഷണം തയാറാക്കൽ<br>• ആശയങ്ങൾ ക്രമപ്പെടുത്തി വിവരണം തയാറാക്കൽ<br>• അക്ഷരങ്ങളുടെ വലുപ്പം, ആകൃതി, ആലേഖനക്രമം എന്നിവ തിരിച്ചറിയൽ. | **പരിചയപ്പെടുത്തുന്ന വ്യവഹാരരൂപങ്ങൾ**<br>കഥ<br>പാട്ട്<br>സംഭാഷണം<br>കടങ്കഥ<br>വിവരണം<br>**പ്രകടിത വ്യവഹാരരൂപങ്ങൾ**<br>സംഭാഷണം<br>കഥ<br>വിവരണം<br>കടങ്കഥ<br><br>**പരിചയപ്പെടുത്തുന്ന അക്ഷരങ്ങൾ**<br>ദ, ങ, ജ, എ, ഏ, ബ, ഭ,<br><br>**കൂട്ടക്ഷരങ്ങൾ**<br>ങ്ങ, ഞ്ച, ന്ധ<br><br>**ചിഹ്നങ്ങൾ**<br>ം.., േ.... ,... ‌‌‌ ...്യ | • ചിത്രങ്ങൾ നിരീക്ഷിച്ച് കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ച് വിശദമാക്കുകയും ഉചിതമായ ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ പറയുകയും ചെയ്യുന്നു.<br>• ആശയത്തെ പ്രതിഫലിപ്പിക്കുന്ന പദം, വാക്യം എന്നിവ എഴുതുകയും വായിക്കുകയും ചെയ്യുന്നു.<br>• ആശയവ്യക്തതയോടെയും ഉച്ചാരണശുദ്ധിയോടെയും ഉചിതമായ ശബ്ദവ്യതിയാനത്തോടെയും വായിക്കുന്നു.<br>• പരിചിതമായ വിവരങ്ങൾ, ആശയങ്ങൾ എന്നിവ ചേർത്ത് വിവരണം, സംഭാഷണം എന്നിവ തയാറാക്കുന്നു, അവതരിപ്പിക്കുന്നു.<br>• അക്ഷരങ്ങളുടെ വലുപ്പം, ആകൃതി, ആലേഖനക്രമം എന്നിവ തിരിച്ചറിഞ്ഞ് എഴുതുന്നു. |

| ആശയങ്ങൾ/ശേഷികൾ | വ്യവഹാരരൂപങ്ങൾ/ഭാഷാ വസ്തുതകൾ/ഊന്നൽ അക്ഷരങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • കഥകേട്ട് ആശയം ഗ്രഹിക്കുകയും സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കൂട്ടിച്ചേർത്ത് കഥ പൂർത്തീകരിക്കുകയും ചെയ്യൽ. <br>• കവിതകൾ താളത്തോടെ ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കൽ <br>• കുട്ടിക്കവിതകൾ ആസ്വദിക്കൽ <br>• ജീവികളുമായി ബന്ധപ്പെട്ട മറ്റുള്ളവരുടെ അനുഭവങ്ങൾ കേൾക്കുകയും സ്വന്തം അനുഭവങ്ങൾ പറയുകയും. <br>• ജീവികളുടെ ശബ്ദങ്ങൾ അനുകരിക്കൽ. <br>• ആശയങ്ങൾ വരച്ചും അഭിനയിച്ചും അവതരിപ്പിക്കൽ. | **ഭാഷാഭംഗി ഉൾച്ചേർന്ന പ്രയോഗങ്ങൾ/ശൈലികൾ** <br>നക്കിത്തോർത്തി <br>മുട്ടിയുരുമ്മി <br>ഒറ്റച്ചാട്ടം <br>ഒറ്റത്തള്ള് <br>ജീവനും കൊണ്ടോടി <br>എടുക്കണേ <br>കൊടുക്കണേ <br>തരണേ <br>വരണേ | • രചനയിൽ വരുത്തേണ്ട തിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, മാറ്റങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ആശയം കൂട്ടിച്ചേർത്ത് അക്ഷരശുദ്ധി പദ/വാക്യശുദ്ധി എന്നിവ പാലിച്ച് എഴുതുന്നു. <br>• കവിത ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു, കേട്ട് ആസ്വദിക്കുന്നു. <br>• കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ, സംഭവങ്ങൾ എന്നിവ ഭാവനാപൂർവം രൂപീകരിച്ച് പറയുന്നു. <br>• ആർജിതപദങ്ങൾ, പ്രയോഗങ്ങൾ/ശൈലികൾ എന്നിവ സംഭാഷണങ്ങളിലും രചനകളിലും ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. <br>• വായനസാമഗ്രികൾ വായിച്ച്, കണ്ടെത്തിയ കാര്യങ്ങൾ പങ്കുവയ്ക്കുന്നു. |

പരിസരപഠനം

| ആശയങ്ങൾ/ശേഷികൾ | പ്രക്രിയ | പഠനനേട്ടങ്ങൾ |
|---|---|---|
| • നമുക്കു ചുറ്റും ഒട്ടേറെ ജീവികൾ വസിക്കുന്നുണ്ട്.<br>• ജീവികളിൽ വളർത്തുന്നവയും അല്ലാത്തവയുമുണ്ട്.<br>• വളർത്തുജീവികളെക്കൊണ്ട് പല പ്രയോജനങ്ങളുമുണ്ട്. | • നിരീക്ഷണത്തിലൂടെ വിവരങ്ങൾ ശേഖരിക്കുകയും എഴുതിയും പറഞ്ഞും പങ്കുവയ്ക്കുകയും ചെയ്യുന്നു.<br>• ജീവികളെ മാനദണ്ഡങ്ങൾക്കനുസരിച്ച് വർഗീകരിക്കുന്നു.<br>• നിരീക്ഷണ വിവരങ്ങൾ വിശകലനം ചെയ്ത് പൊതു നിഗമനങ്ങൾ രൂപീകരിക്കുന്നു. | • ജീവികളെക്കുറിച്ച് ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് സാമ്യ വ്യത്യാസങ്ങൾ കണ്ടെത്തി പറയുന്നു, എഴുതുന്നു.<br>• ജീവികളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് മാനദണ്ഡങ്ങൾക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു, വർഗീകരിക്കുന്നു.<br>• ജീവികളുടെ പട്ടിക വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിച്ച് എഴുതുന്നു.<br>• ജീവികളെക്കുറിച്ച് രൂപീകരിച്ച ആശയങ്ങൾ വ്യത്യസ്ത രൂപങ്ങളെ അവതരിപ്പിക്കുന്നു. |

## പാഠഭാഗത്തേക്ക്

### ചിത്രം നോക്കി പറയാം

**പ്രവർത്തനം - 1**

ഓരോ കുട്ടിക്കും കിട്ടുന്നവിധം എല്ലാവർക്കും ചിത്രങ്ങൾ നൽകുന്നു. (ആട്, ചക്ക, പൂച്ച, പൂമ്പാറ്റ, കോഴി). ഗ്രൂപ്പിൽ നിശ്ചിത എണ്ണം കുട്ടികൾ വരത്തക്കവിധം ചിത്രങ്ങൾ നൽകിയാൽ മതി. ഒരേ ചിത്രം കിട്ടിയവർ ഒരു ഗ്രൂപ്പായി മാറണം. എന്നാൽ ടീച്ചർ നൽകുന്ന ചിത്രത്തിലെ ജീവിയുടെ/വസ്തുവിന്റെ പേര് നേരിട്ടു പറയരുത്. അതിന്റെ സവിശേഷതകൾ വിശദമാക്കുന്ന രീതിയിൽ കടങ്കഥ/കടങ്കവിത രൂപത്തിൽ ടീച്ചർ പറയുമ്പോൾ ജീവിയെ/വസ്തുവിനെ തിരിച്ചറിഞ്ഞ് ഗ്രൂപ്പാവുകയാണ് വേണ്ടത്.

ഉദാഹരണം:

1. *മുള്ളുകളുള്ളൊരു ചങ്ങാതി*
   *പച്ചനിറത്തിൽ ചങ്ങാതി*
   *മൂത്തുപഴുത്താൽ നല്ല മണം.*
   *തിന്നീടാനോ ഏറെ രസം!*
   ആരാണെന്ന് പറയാമോ?

2. *തലയിൽ കൊമ്പുകൾ രണ്ടുണ്ട്*
   *പിന്നിൽ ചെറിയൊരു വാലുണ്ട്.*
   *ബേ... ബേ എന്നു കരഞ്ഞീടും*
   *പ്ലാവില തിന്നും ഞാനാര്?*

3. *പൂക്കൾ തോറും പാറിനടക്കും*
   *പുള്ളിക്കുപ്പായക്കാരി*
   *പൂന്തേനാണെൻ ആഹാരം*
   *എനിക്ക് കാലുകൾ ആറാണേ.*

കേട്ട, കടങ്കഥ/കടങ്കവിതയുടെ അടിസ്ഥാനത്തിൽ ജീവിയുടെ ശബ്ദം, ചലനം എന്നിവയോടെയോ വസ്തുവിന്റെ പേര് പറഞ്ഞോ ഗ്രൂപ്പാകുന്നു.

- ഓരോ ഗ്രൂപ്പും പാഠപുസ്തകത്തിലെ പേജ് 104, 105 ലെ ചിത്രത്തിലെ കാര്യങ്ങളെക്കുറിച്ച് പറയട്ടെ. ഇത് ഒരു മത്സരമായി എങ്ങനെ നടത്താം? ഗ്രൂപ്പ് പ്രവർത്തനം ഫലപ്രദമാവാൻ ടീച്ചറുടെ ഇടപെടൽ എങ്ങനെയൊക്കെ?
- ഓരോ ഗ്രൂപ്പും പറയുന്ന കാര്യം ആവർത്തിക്കരുത്.
- ഗ്രൂപ്പുകളുടെ അവതരണം വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്താൻ ടീച്ചർ സൂചനകൾ നൽകണം.

ചിത്രം സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിനാവശ്യമായ സൂചനകൾ എങ്ങനെ നൽകാം?

- വൈവിധ്യമാർന്ന ഉത്തരങ്ങൾ ലഭിക്കുന്നവിധം ചോദ്യങ്ങൾ ചോദിച്ചുകൊണ്ട്:

ഉദാ : ആട് തിന്നാത്ത എന്തൊക്കെ വസ്തുക്കൾ കോഴി തിന്നും?

- പാലു തരുന്ന ജീവികളാണോ മുട്ടയിടുന്നവയാണോ കൂടുതൽ?
- 
- 



ഉദാ:  എത്ര പശുക്കൾ ഉണ്ട്?

കാക്ക മുട്ടയിട്ടത് എവിടെയാണ്?

**ചിത്രത്തിൽ എന്തൊക്കെയുണ്ട്?** **പ്രവർത്തനം - 2**




- അറിയാവുന്നവയുടെ പേര് നോട്ട്പുസ്തകത്തിൽ എഴുതട്ടെ.
- മൂന്നു പേരുള്ള ഗ്രൂപ്പിൽ ഓരോരുത്തരും എഴുതിയത് വായിച്ചു കേൾപ്പിക്കുന്നു. പരസ്പരം പരിശോധിക്കുന്നു.
- തുടർന്ന് ഗ്രൂപ്പുകൾ അവതരിപ്പിക്കുമ്പോൾ ടീച്ചർ ബോർഡിൽ/ചാർട്ടിൽ എഴുതുന്നു.
- ശരിയായ എഴുത്തുരൂപം നോക്കി കുട്ടിക്ക് സ്വന്തം പുസ്തകത്തിൽ തിരുത്താനവസരം നൽകാം.
- ഓരോരുത്തരും അവർ എഴുതാത്തവ കൂട്ടിച്ചേർത്ത് പട്ടിക വിപുലീകരിക്കുന്നു.

ഒന്നാം ഭാഗത്തെ ചിത്രവായനയിൽ നിന്നു രണ്ടാംഭാഗത്തെ ചിത്രവായനയിലെ വളർച്ച എന്തൊക്കെ?

**വളർച്ച എങ്ങനെയൊക്കെ?** **പ്രവർത്തനം - 3**

- വാക്യങ്ങൾ എഴുതിയ സ്ട്രിപ്പ് വായിച്ച് ചിത്രങ്ങൾ കണ്ടെത്തൽ.

ഉദാ :

കുട്ടികൾ പന്തുകളിക്കുന്നു.

തീവണ്ടി പോകുന്നു.

അണ്ണാൻ ചക്കയിൽ ഇരിക്കുന്നു.

- ഇവയിൽ അഭിനയസാധ്യതയുള്ളവ അഭിനയിക്കട്ടെ.
- വിവിധ വ്യവഹാരരൂപങ്ങളുടെ രൂപീകരണം (കഥ, സംഭാഷണം, ലഘുവിവരണം).
- നടന്നതെന്ത് എന്ന് പ്രവചിക്കൽ.

ഉദാ:
- പശുക്കൾ പിണങ്ങിനിൽക്കുകയാണ്. എന്തിനായിരിക്കും പിണങ്ങിയത്?
- പൂച്ച എന്തിനായിരിക്കും പാറപ്പുറത്ത് പതുങ്ങിയിരിക്കുന്നത്?
- ഉയരത്തിൽ നിൽക്കുന്ന ഉറുമ്പ് താഴെയുള്ള ഉറുമ്പിനോട് കണ്ട കാഴ്ചകൾ വിളിച്ചു പറയുകയാണ്. എന്തൊക്കെ പറഞ്ഞിരിക്കും?
- മരത്തിനു പിറകിൽ എന്തോ കാഴ്ചകണ്ടിട്ടാണ് കടലാസുമായി പെൺകുട്ടികൾ പോകുന്നത്. എന്തായിരിക്കും അവർ കണ്ടത്?

ഇതുപോലുള്ള സാധ്യതകൾ ചിത്രത്തിൽ ഇനിയും കണ്ടെത്തിക്കൂടേ?

**പാവനിർമാണം** **പ്രവർത്തനം - 4**

ക്ലാസിലെ കുട്ടികളിൽ പകുതിപ്പേർക്ക് ആൺകുട്ടിയുടെ മുഖത്തിന്റെയും ബാക്കിയുള്ളവർക്ക് പൂച്ചയുടെ മുഖത്തിന്റെയും ഔട്ട്ലൈനിലൂടെ മുറിച്ച ചിത്രങ്ങൾ നൽകുന്നു (ഔട്ട്ലൈനിലൂടെ കത്രികകൊണ്ട്/കൈകൊണ്ട് മുറിക്കാനുള്ള പ്രവർത്തനവും നൽകാവുന്നതാണ്).

- കിട്ടിയ ചിത്രത്തിന് നിറം നൽകുന്നു.
- ചിത്രം കട്ടിയുള്ള കാർഡിൽ ഒട്ടിച്ച് ഔട്ട്ലൈനിലൂടെ കത്രികകൊണ്ട് മുറിച്ചെടുക്കുന്നു.
- ചിത്രത്തിനു പിന്നിൽ സ്ട്രോയുടെ ഒരറ്റം ഒട്ടിച്ച് കോൽപ്പാവ (Stick Puppet) നിർമിക്കുന്നു (സെലോടേപ്പ് ഉപയോഗിക്കാം.

പ്രവൃത്തിപരിചയവുമായി ബന്ധപ്പെട്ട സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്താനുള്ള അവസരം ഇവിടെ പ്രയോജനപ്പെടുത്തിക്കൂടേ? നിറം നൽകുമ്പോൾ എന്തൊക്കെ ഫീഡ്ബാക്ക് നൽകേണ്ടി വരും?



**സംഭാഷണം** **പ്രവർത്തനം - 5**

പപ്പറ്റ് തിയേറ്ററിൽ/മേശപ്പുറത്ത് സജ്ജീകരിച്ച വേദിയിൽ പാവകൾ ഉപയോഗിച്ച് സംഭാഷണം അവതരിപ്പിക്കുന്നു.

2 പേരുള്ള ഗ്രൂപ്പുകൾക്കു സ്വതന്ത്രമായി ഇഷ്ടപ്പെട്ട സംഭാഷണം അവതരിപ്പിക്കാം. റിഹേഴ്സലിനുള്ള സമയം നൽകണം.

ഏതാനും ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു.

**പേരു കണ്ടെത്താം** **പ്രവർത്തനം - 6**

പാഠപുസ്തകത്തിലെ രണ്ടു കഥാപാത്രങ്ങളാണിവർ. ആരൊക്കെയാണിവർ? പുസ്തകത്തിൽ നോക്കി പേരു കണ്ടെത്താമോ?



കുട്ടികൾ കണ്ടെത്തുന്നു (ടീച്ചർ സഹായം നൽകുന്നു).

- ടീച്ചർ ആഖ്യാനഭാഗം അവതരിപ്പിക്കുന്നു. (പാഠപുസ്തകം പേജ് 106)

  ഈ ആഖ്യാനഭാഗം അവതരിപ്പിക്കുന്നതു വഴി കുട്ടികൾക്ക് സംഭാഷണം അവതരിപ്പിക്കുന്നതിനുള്ള ആശയധാരണ കൃത്യമാവില്ലേ?
- ആഖ്യാന സന്ദർഭത്തിന്റെ പശ്ചാത്തലത്തിൽ നേരത്തേയുള്ള ചെയ്ത രണ്ടുപേരുടെ ഗ്രൂപ്പ് സംഭാഷണം രൂപീകരിക്കുന്നു. റിഹേഴ്സൽ ചെയ്ത് വേദിയിൽ അവതരിപ്പിക്കുന്നു.
- മുഴുവൻ ഗ്രൂപ്പുകൾക്കും അവസരം നൽകുന്നതിലൂടെ എന്തെല്ലാം മെച്ചങ്ങൾ?
  - സംഭാഷണങ്ങളുടെ വൈവിധ്യം.
  - സ്വയവും പരസ്പരവും വിലയിരുത്തൽ.
  - എല്ലാവരും കേൾക്കെ പറയാൻ കഴിയുന്നു.
  - ശ്രദ്ധയോടെ കേൾക്കാൻ കഴിയുന്നു.




- ഏതു ഗ്രൂപ്പിന്റെ അവതരണമാണ് മെച്ചപ്പെട്ടത്? എന്തുകൊണ്ട്? കുട്ടികളുടെ പ്രതികരണം.
- എന്തൊക്കെ പരിഗണിക്കണം?
  - സംഭാഷണം വ്യക്തമാണ്.
  - സംഭാഷണത്തിന് സ്വാഭാവിക തുടർച്ചയുണ്ട്.
  - ആഖ്യാനത്തിന്റെ പശ്ചാത്തലത്തിലുള്ള സംഭാഷണമാണ്.

**രൂപീകരണപാഠം (Evolving text)**

പ്രവർത്തനം - 7

- രണ്ടാം ഭാഗമാവുമ്പോഴേക്കും എല്ലാവർക്കും വായിക്കാൻ കഴിയുന്നുണ്ടോ?
- ഇനിയും രൂപീകരണപാഠങ്ങളിലൂടെ കടത്തിവിടേണ്ടവർ ഉണ്ടോ?
- എങ്കിൽ എന്തൊക്കെ ചോദ്യങ്ങൾ ചോദിക്കേണ്ടിവരും?

| | |
|---|---|
| • ചെമ്പൻകോഴിയുടെ കൂവൽ കേട്ട് ആരാണ് ഉണർന്നത്? | ചിഞ്ചുപ്പൂച്ച ഉണർന്നു. |
| • ഉറക്കമുണർന്ന ചിഞ്ചു എന്തു ചെയ്തു? | ദേഹം നക്കിത്തോർത്തി. ഏറെനേരം കിടന്നു. |
| • ചിഞ്ചു ജനലിലൂടെ നോക്കിയപ്പോൾ എന്താണ് കണ്ടത്? | അമ്മ പശുവിനെ കറക്കുന്നു. |
| • ദീപു എവിടെയാണുള്ളത്? | ദീപു അടുത്തുണ്ട്. |



രൂപീകരണപാഠം ബോർഡിൽ/ചാർട്ടിൽ എഴുതുന്നു. ഒന്നാം വാല്യത്തിൽ സൂചിപ്പിച്ച വിവിധ വായനാതന്ത്രങ്ങൾ പ്രയോജനപ്പെടുത്താം. അക്ഷരങ്ങൾക്ക് കൂടുതൽ തെളിവു നൽകുന്നതിനായി പുതിയ ടെക്സ്റ്റ് അവതരിപ്പിക്കുമല്ലോ.

ജലജ സഞ്ചിയിൽ പഞ്ചസാര വാങ്ങി.
പഞ്ചസാര ഇട്ട് വെള്ളം ഉണ്ടാക്കി.
വെള്ളം കുടിച്ചു. ദാഹം മാറി.

- പദക്കാർഡുകളിൽ നിശ്ചിത അക്ഷരങ്ങൾ വരുന്ന പദങ്ങൾ തിരഞ്ഞെടുത്ത് വായിക്കൽ/എഴുതൽ.

കുഞ്ചിയമ്മയ്ക്കഞ്ചുമക്കളാണേ (പാട്ട്)

**ഓർത്തു പറയാം**

പ്രവർത്തനം - 8

- കുട്ടികൾ അൽപ്പനേരം കണ്ണടച്ചിരിക്കുന്നു. രാവിലെ എഴുന്നേറ്റതു മുതൽ സ്കൂളിൽ എത്തിയതു വരെ നടന്ന കാര്യങ്ങൾ ക്രമമായി ആലോചിക്കട്ടെ.
- ഒരു കാര്യവും വിട്ടുപോകാതെ പറയാൻ കഴിയുന്നത് ആർക്കാണ്?

**ദീപു സ്കൂളിലേക്ക്**

പ്രവർത്തനം - 9

- നിങ്ങൾ സ്കൂളിൽ വരുന്നതിനു മുമ്പു ചെയ്ത കാര്യങ്ങൾ തന്നെയാണോ ദീപുവും ചെയ്തത്?
- ദീപു സ്കൂളിലേക്കു പോകുന്നതിനു മുമ്പ് എന്തൊക്കെ ചെയ്തിരിക്കും?
- പാഠപുസ്തകം പേജ് 107 വായിച്ചു കണ്ടെത്തുന്നു.

സ്കൂളിലേക്കു പോകാനൊരുങ്ങിയ ദീപുവിനോട് അമ്മ എന്താണു പറഞ്ഞത്?

ദീപു പറഞ്ഞ മറുപടി എന്തായിരുന്നു?

ഡിസ്പ്ലേ ബോർഡിൽ അമ്മയുടെയും ദീപുവിന്റെയും മുഖം വരച്ചത് പിൻ ചെയ്തു വയ്ക്കുന്നു.



സ്പീച്ച് ബലൂൺ രൂപത്തിൽ ചാർട്ട് മുറിച്ചെടുത്ത് നേരത്തേ തയാറാക്കി വയ്ക്കണം.

പാഠത്തിൽനിന്നും കണ്ടെത്തിയത് കുട്ടികൾ പറയുന്നു. ടീച്ചർ തയാറാക്കിവച്ച ചാർട്ടിൽ എഴുതുന്നു.

- എഴുതിയ ചാർട്ട് ചിത്രത്തിനു സമീപത്തായി ഡിസ്പ്ലേ ബോർഡിൽ പിൻ ചെയ്തു വയ്ക്കണം.
- കുട്ടികളെക്കൊണ്ട് ചാർട്ട് വായിപ്പിക്കുന്നു.
- തുടർന്ന് ടീച്ചറും കുട്ടികളും ചേർന്ന്, പാഠപുസ്തകത്തിലെ പേജ് 107 വായിക്കുന്നു.

  ദീപു പോയി, ചിഞ്ചു തനിച്ചായി. ചിഞ്ചു എന്താണ് ആലോചിച്ചത്?

മോനേ, ഭാർഗവന് കൊടുക്കേണ്ട പാൽ എടുക്കണേ...

പാൽക്കുപ്പി സഞ്ചിയിൽ വച്ചിട്ടുണ്ടമ്മേ...

**താറാവിനെ നിർമിക്കാം** — **പ്രവർത്തനം - 10**

- കാർഡ്ബോർഡിൽ വെട്ടിയെടുത്ത കട്ടൗട്ട് /സ്റ്റെൻസിൽ ഗ്രൂപ്പിൽ നൽകുന്നു.
- പെൻസിൽ ഉപയോഗിച്ച് ഔട്ട്ലൈൻ ചിത്രം വരയ്ക്കുന്നു.

ചിത്രത്തിൽ കണ്ണ്, ചുണ്ട്, ചിറക് എന്നിവ കുട്ടികൾ വരച്ചുചേർക്കട്ടെ.

തുടർന്ന് പൂച്ചയുടെ കട്ടൗട്ട്/സ്റ്റെൻസിൽ ഇതേ പോലെ തയാറാക്കണം.



തയാറാക്കിയ കട്ടൗട്ടുകൾ മണൽത്തടത്തിൽ (Sand tray) ക്രമീകരിക്കുന്നു. പൂച്ചയുടെ/താറാവിന്റെ ശബ്ദം ഉണ്ടാക്കിക്കൊണ്ട് പൂച്ച കളിക്കാൻ ക്ഷണിക്കുന്നതും താറാവ് മറുപടി പറയുന്നതും കുട്ടികൾ അവതരിപ്പിക്കട്ടെ. (2 പേരുള്ള ഗ്രൂപ്പുകൾ)

- നിങ്ങൾ അവതരിപ്പിച്ച രീതിയിൽ തന്നെയാണോ അവർ സംസാരിച്ചത്?
- കുട്ടികൾ പാഠപുസ്തകം പേജ് 108 വായിച്ചു കണ്ടെത്തുന്നു.
- തുടർന്ന് പാഠഭാഗം ടീച്ചർ ഉറക്കെ വായിക്കുന്നു. എഴുതുന്നു. ടീച്ചർ ചാർട്ടിൽ/ബോർഡിൽ എഴുതിയത് കുട്ടികൾ വായിക്കുന്നു.
- ചിഞ്ചു മറ്റാരെയൊക്കെ കളിക്കാൻ വിളിച്ചിട്ടുണ്ടാവും? പാഠപുസ്തകത്തിലെ ചിത്രങ്ങൾ നിരീക്ഷിച്ചും വായിച്ചും കണ്ടെത്തുന്നു. അവയുടെ പേരെഴുതുന്നു.

**റോൾപ്ലേ** — **പ്രവർത്തനം - 11**

കുട്ടികളെ 5 പേരടങ്ങിയ ഗ്രൂപ്പുകളാക്കുന്നു. താഴെ കാണിച്ചവിധം പദക്കാർഡുകൾ എണ്ണത്തിനനുസരിച്ച് തയാറാക്കണം.

*ചിഞ്ചുപ്പൂച്ച* | *അമ്മിണിയോട്* | *ജൂലിത്താറാവ്*

*ചിന്നൻപോത്ത്* | *ജില്ലുഎരുമ*

ഓരോരുത്തർക്കും ഓരോ കാർഡ് കിട്ടത്തക്കവിധം വിതരണം ചെയ്യുന്നു. അഞ്ചുപേരുള്ള ഗ്രൂപ്പുകളാക്കുന്നു. ഒരു ഗ്രൂപ്പിൽ ഒന്നിലധികം ഒരേ കഥാപാത്രങ്ങൾ വരാത്തവിധം വേണം ഗ്രൂപ്പാക്കേണ്ടത്.

- ചിഞ്ചുപ്പൂച്ച കൂട്ടുകാരെ ഓരോരുത്തരെയും കളിക്കാൻ വിളിച്ചു. ഓരോരുത്തരും ഓരോരോ കാരണം പറഞ്ഞ് ഒഴിഞ്ഞു മാറി.
- ഉചിതമായ സംഭാഷണം ചേർത്ത് റോൾപ്ലേയായി കുട്ടികൾ അഭിനയിക്കുന്നു.
- കഥാപാത്രത്തിനു യോജിച്ച മുഖംമൂടി ഉപയോഗിച്ചും അവതരിപ്പിക്കാവുന്നതാണ്.
- മറ്റു ഗ്രൂപ്പുകൾ അഭിപ്രായങ്ങൾ പറയുന്നു. (പരസ്പര വിലയിരുത്തൽ)
- സംഭാഷണം ഓർത്തെടുത്ത് നോട്ടപുസ്തകത്തിൽ വ്യക്തിഗതമായി എഴുതുന്നു.
- ഗ്രൂപ്പിൽ വായന - ഗ്രൂപ്പ് അവതരണം - ഫീഡ്ബാക്ക്
- ടീച്ചർവേർഷൻ അവതരണം (അക്ഷരങ്ങൾക്ക് തെളിവു ലഭിക്കുന്നവിധം തയാറാക്കണം). ഒരു മാതൃക നോക്കൂ.

*ചിഞ്ചു : ജൂലീ, എന്റെ കൂടെ കളിക്കാൻ വരുമോ?*

*ജൂലി : ഞാനില്ല, എനിക്ക് നീന്താൻ പോകണം.*

*ചിഞ്ചു : അമ്മിണീ, അമ്മിണീ, നമുക്കു കളിക്കാം.*

*അമ്മിണി : പറ്റില്ല ചിഞ്ചൂ, എനിക്ക് പ്ലാവില തിന്നണം.*

*ചിഞ്ചു : ഏയ് ജില്ലൂ, എന്റെ കൂടെ കളിക്കാൻ വാ.*

*ജില്ലു : എനിക്ക് ദാഹിച്ചിട്ടു വയ്യ. ഞാൻ വെള്ളം കുടിക്കാൻ പോവുകയാണ്.*

*ചിഞ്ചു : ചിന്നാ, ചിന്നാ, നിങ്ങൾ എന്താ കളിക്കാൻ വരാത്തത്?*

*ചിന്നൻ : ഞങ്ങൾക്ക് വേറെ ജോലികളുണ്ട്.*

- എഡിറ്റിങ്
- പാഠപുസ്തകം പേജ് 109 ലെ മെച്ചപ്പെടുത്തി എഴുതൽ. സംഭാഷണം വിലയിരുത്തൽ.




പാഠപുസ്തകം പേജ് 110 ലെ 'സൂര്യൻ അസ്തമിച്ചു... ശ്വാസമടക്കി അവൾ ആ ഭാഗത്തേക്ക് നോക്കി'.

വരെയുള്ള ഭാഗം ടീച്ചർ ഉറക്കെ വായിച്ചുകൊടുക്കുന്നു.

ടീച്ചർ ചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾ പറയുന്ന ഉത്തരങ്ങൾ ബോർഡിൽ/ചാർട്ടിൽ എഴുതുന്നു.

- എപ്പോഴാണ് കോഴികൾ കൂട്ടിൽ കയറിയത്?
- അതുവരെ കോഴികൾ എന്തു ചെയ്യുകയായിരുന്നു?
- വൈക്കോൽക്കൂനയുടെ മുകളിലിരുന്ന് ശബ്ദമുണ്ടാക്കിയത് ആരാണ്?
- വൈക്കോൽക്കൂനയുടെ മുകളിലേക്ക് ചിഞ്ചു ഓടിക്കയറിയത് ഏതിലൂടെയാണ്?

കുട്ടികൾ പറയുന്ന ഉത്തരങ്ങൾ ബോർഡിലോ ചാർട്ടിലോ എഴുതുന്നു. വായിക്കുന്നു. ആശയാവതരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി അക്ഷരങ്ങൾക്ക് കൂടുതൽ തെളിവു ലഭിക്കുന്ന പ്രാദേശികപാഠങ്ങൾ രൂപീകരിക്കുന്നു.

എ, ഏ, ഡ എന്നീ അക്ഷരങ്ങൾക്കും '്യ' എന്ന ചിഹ്നത്തിനുമാണ് ഈ ഭാഗത്ത് ഊന്നൽ നൽകേണ്ടത്.

'തിളങ്ങുന്ന രണ്ടു കണ്ണുകൾ - ഏതോ ജീവിയാണ്'.

ഏതായിരിക്കും ആ ജീവി? ഊഹിച്ചു പറയട്ടെ. ആരാണെന്ന് പാഠപുസ്തകം പേജ് 111 വായിച്ച് കണ്ടെത്തട്ടെ.

- ജീവിയെ കണ്ട ചിഞ്ചുപ്പൂച്ചയ്ക്ക് എന്തു തോന്നി?
- പിന്നീട് എന്തു സംഭവിച്ചിരിക്കും? പാഠപുസ്തകം വായിച്ചു കണ്ടെത്തൽ. ടീച്ചർ വായിച്ച് അവതരിപ്പിക്കുന്നു. (പേജ് 111, 112, 113)
- ജംബുക്കുറുക്കൻ എന്തിനാണ് വന്നത്?
- ആരാണ് ജിമ്മി? അവൻ എന്തു ചെയ്യുകയാണ്?
- ചിഞ്ചുവിനു തോന്നിയ സൂത്രം എന്താണ്?
- ഏണി വീണത് ഏതിന്റെ മുകളിലാണ്?
- അപ്പോൾ ജിമ്മി എന്തു ചെയ്തു?
- ജംബുവോ?
- വിവരങ്ങൾ അറിഞ്ഞ മറ്റു ജീവികൾ എന്താണു പറഞ്ഞത്?
- കോഴിക്കുഞ്ഞ് ചിഞ്ചുവിന് എന്താണു നൽകിയത്?



## എഴുതാം

പ്രവർത്തനം - 12




പേജ് 113 ലെ ചിത്രത്തിൽ ആരൊക്കെയുണ്ട്? നോട്ട്പുസ്തകത്തിൽ അവയുടെ പേരെഴുതുന്നു. ചിഞ്ചുവിന്റെ കൂട്ടുകാർ ആരൊക്കെ? പാഠപുസ്തകത്തിൽ പൂരിപ്പിക്കുന്നു. പരസ്പരം വിലയിരുത്തുന്നു.

- തെറ്റില്ലാതെ എത്രപേർക്ക് എഴുതാൻ കഴിയുന്നുണ്ട്?
-

ചിഞ്ചുവിന്റെ കൂട്ടുകാർ എല്ലാവരും ഒരുപോലെയാണോ? ഒരേ വിഭാഗത്തിൽ പെടുന്നവരെ കൂട്ടങ്ങളാക്കാമോ? മാനദണ്ഡങ്ങൾ കുട്ടികൾ തന്നെ കണ്ടെത്തില്ലേ?

എന്തൊക്കെ സാധ്യതകൾ?

- നാലു കാലുള്ളവർ
- രണ്ടു കാലുള്ളവർ
- ചിറകുള്ളവർ
- കൊമ്പുള്ളവർ
- പാൽ തരുന്നവർ
- വളർത്തുജീവികൾ

- നിങ്ങൾക്കറിയാവുന്ന മറ്റു ജീവികൾ ഏതൊക്കെയാണ്?

കുട്ടികൾ അറിയുന്നവയുടെ പേരുകൾ പട്ടികപ്പെടുത്തുന്നു.

- കൂടുതൽ ജീവികളെ കണ്ടെത്തുന്നതിന് എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കാം?

- ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൂടേ?
    - വിവിധ കളികൾ (ഉദാ: കൊമ്പരകൊമ്പേ കളി)
    - ചിത്രങ്ങൾ/ചിത്രപുസ്തകങ്ങൾ (ജീവികൾ)
    - ആടിനെക്കാൾ ചെറിയ ജീവികൾ/വലിയ ജീവികൾ ഏതൊക്കെ?
- വ്യക്തിഗതമായി തയാറാക്കിയ പട്ടിക ഗ്രൂപ്പിൽ ക്രോഡീകരിക്കുന്നു. ഗ്രൂപ്പ് അവതരണം - അവതരണസമയത്ത് ടീച്ചർ പൊതുചാർട്ടിൽ പട്ടികപ്പെടുത്തുന്നു.
- സവിശേഷതകളുടെ അടിസ്ഥാനത്തിൽ എങ്ങനെയൊക്കെ തരംതിരിക്കാം?
    - കാട്ടിൽ മാത്രം കാണപ്പെടുന്നവ ഏതൊക്കെ?
    - വെള്ളത്തിൽ ജീവിക്കുന്നവ.
    - പറന്നു സഞ്ചരിക്കുന്നവ.
    - 
- ഇവയിൽ വീട്ടിൽ വളർത്തുന്നവ ഏതൊക്കെയാണ്?
- പാഠപുസ്തകത്തിലെ (പേജ് 114) ചിത്രം നോക്കുന്നു. ഏതൊക്കെ ജീവികൾ? പേരു പറയുന്നു. അവ നോട്ടുപുസ്തകത്തിൽ എഴുതുന്നു.
- ഇവയിൽ വളർത്തുന്ന ജീവികളുടെ പേര് പാഠപുസ്തകത്തിൽ എഴുതുന്നു.
    - അക്ഷരത്തെറ്റില്ലാതെ എഴുതിയവർ ആരൊക്കെ?
    - വളർത്തുന്ന ജീവികളുടെ പേരു തന്നെയാണോ എഴുതിയത്? വിലയിരുത്തുന്നു.




**പൂവാലിപ്പശു**

പ്രവർത്തനം - 13

പൂവാലിപ്പശുവിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു.

- പശുവിനെക്കുറിച്ച് എന്തൊക്കെ കാര്യങ്ങൾ പറയാൻ കഴിയും?
- ഓരോ വാക്യം വീതം ഓരോ കുട്ടി പറയട്ടെ.
- തുടർന്ന് പേജ് 115ലെ 'വായിക്കാം'- എന്ന ഭാഗം വ്യക്തിഗതമായി വായിക്കട്ടെ.
- ടീച്ചർ ഉറക്കെ വായിക്കുന്നു. ഏതാനും കുട്ടികളെക്കൊണ്ട് ഉറക്കെ വായിപ്പിക്കുന്നു.

**എഴുതാം**

പ്രവർത്തനം - 14

ഇതേ രീതിയിൽ പൂച്ചയെക്കുറിച്ച് എന്തൊക്കെ പറയാൻ കഴിയും?

- കുട്ടികൾ പറയുന്നു.
- പശുവിനെക്കുറിച്ച് എന്തൊക്കെ കാര്യങ്ങളായിരുന്നു പറഞ്ഞത്?
    - ആകൃതി, വലുപ്പം
    - സവിശേഷതകൾ
    - ആഹാരം
    - പ്രയോജനം
- ഇതുമായി ബന്ധപ്പെട്ട ലഘുചോദ്യങ്ങളിലൂടെ വാക്യങ്ങൾ രൂപീകരിക്കുന്നു.

- വ്യക്തിഗതമായി നോട്ട്പുസ്തകത്തിൽ എഴുതുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് വിവരണം ചാർട്ടിൽ തയാറാക്കുന്നു.
- എഴുതിയവ അവതരിപ്പിക്കുന്നു, എഡിറ്റിങ് നടത്തുന്നു.
- ടീച്ചർ നൽകിയ ഫീഡ്ബാക്കിന്റെ അടിസ്ഥാനത്തൽ എഡിറ്റിങ് നടത്തുന്നു.




പാഠപുസ്തകത്തിൽ പൂച്ചയെക്കുറിച്ചുള്ള ലഘുവിവരണം തയാറാക്കുന്നു.
- ടീച്ചർ വിലയിരുത്തുന്നു.

**പ്രവർത്തനം - 15**

### പറയാം എഴുതാം

പാഠപുസ്തകം പേജ് 116 ലെ ചിത്രം നിരീക്ഷിക്കുന്നു. ചിത്രത്തിൽ എന്തൊക്കെയുണ്ട്? ഒന്നാമത്തെ ചിത്രത്തിൽ അമ്മ എന്തു ചെയ്തു? അത് താഴെ എഴുതിയിട്ടുണ്ട്. കുട്ടികൾ വായിക്കുന്നു.

രണ്ടാമത്തെ ചിത്രത്തിൽ ദീപു എന്തു ചെയ്തു?




കുട്ടികൾ ഉത്തരം പറയട്ടെ.

ഉദാ: ദീപു പാത്രത്തിൽ പാൽ ഒഴിച്ചു/ദീപു പ്ലേറ്റിൽ പാൽ ഒഴിച്ചു.

മൂന്നാം ചിത്രത്തിലോ?



പൂച്ച/ചിഞ്ചു പാൽ കുടിച്ചു.




കുട്ടികൾ നോട്ട്പുസ്തകത്തിൽ എഴുതുന്നു. പരസ്പരം വിലയിരുത്തുന്നു. ടീച്ചർ വിലയിരുത്തുന്നു. തുടർന്ന് പാഠപുസ്തകത്തിൽ എഴുതുന്നു.

**പ്രവർത്തനം - 16**

### പാടാം രസിക്കാം

പേജ് 116 ലെ പാട്ട് ടീച്ചർ പാടിക്കൊടുക്കുന്നു. കുട്ടികളും ടീച്ചറും ചേർന്നു പാടുന്നു. ഓരോ ജീവിയെക്കൊണ്ടുമുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്?

ജൂലിത്താറാവിനെക്കുറിച്ച് പാടുകയാണെങ്കിൽ എന്തായിരിക്കും ആ വരികൾ?

ഉദാ: ക്വാക്... ക്വാക്ക് പാടും ജൂലിപ്പെണ്ണേ
ഞങ്ങൾക്കായൊരു മുട്ട തരൂ.

മറ്റു ജീവികളെക്കുറിച്ച് ഇത്തരത്തിലുള്ള വരികൾ നിർമിച്ചു പാടാൻ കുട്ടികൾ ശ്രമിക്കില്ലേ? വരികളുടെ താളം ക്രമീകരിക്കാൻ വാചിക എഡിറ്റിങ് (Oral editing) സാധ്യത പ്രയോജനപ്പെടുത്തേണ്ടതല്ലേ?

**പ്രവർത്തനം - 17**

### പറയാം/ എഴുതാം

വളർത്തുജീവികളെക്കൊണ്ട് എന്തൊക്കെ ഗുണങ്ങളുണ്ട്?

- പശുവിനെക്കുറിച്ച് പാഠപുസ്തകം പേജ് 117 ലെ വിവരണം വായിക്കുന്നു.
- കുട്ടികളെ ചെറുഗ്രൂപ്പുകളാക്കുന്നു. ആടിനെ വളർത്തുന്നതെന്തിനെന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ.

- വ്യക്തിഗതമായി പേജ് 117 ലെ ഭാഗങ്ങൾ പൂരിപ്പിക്കുന്നു.




ടീച്ചർ വിലയിരുത്തുന്നു.

**പാടാം** പ്രവർത്തനം - 18

- പേജ് 118 ലെ പാട്ട് ആംഗ്യത്തോടെ ടീച്ചറും കുട്ടികളും ചേർന്ന് പാടി അഭിനയിക്കുന്നു.
- ഗ്രൂപ്പുകൾ പാടി അവതരിപ്പിക്കുന്നു.
- പരസ്പരം വിലയിരുത്തുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ഒരുമിച്ചു പാടാൻ കഴിയുന്നുണ്ട്.
- ഉചിതമായ ആംഗ്യങ്ങളോ പാടുന്നുണ്ട്.
- ഈണത്തോടെയും താളത്തോടെയും പാടുന്നുണ്ട്.

**മറഞ്ഞുനിൽക്കുന്നവരെ കണ്ടെത്തൂ** പ്രവർത്തനം - 19

- ചിത്രം നിരീക്ഷിച്ച് അതിലെ ജീവികൾ ഏതൊക്കെയെന്നു കണ്ടെത്തുന്നു.
- അവയുടെ പേരുകൾ വ്യക്തിഗതമായി എഴുതുന്നു.
- എഴുതിയവ പരസ്പരം വിലയിരുത്തുന്നു.




**വിരൽച്ചിത്രങ്ങൾ** പ്രവർത്തനം - 20

- കൈവിരൽ ചായത്തിൽ മുക്കി കടലാസിൽ പതിപ്പിക്കട്ടെ.
- ചായം ഉണങ്ങിയശേഷം സ്കെച്ച് പേനകൊണ്ട് ചില വരകൾ വരച്ച് പലതരം ജീവികളുടെ ചിത്രങ്ങളാക്കി മാറ്റാം.
- കുട്ടികൾ പാഠപുസ്തകത്തിൽ കൊടുത്ത മാതൃകകൾ ചാർട്ട് പേപ്പറിൽ നിർമിച്ച് പ്രദർശിപ്പിക്കുന്നു.
- ആരുടെയൊക്കെ ചിത്രങ്ങളാണ് മികച്ചവ?
- പാഠപുസ്തകത്തിലെ ഒഴിഞ്ഞ കളത്തിൽ ഭാവനാപൂർവം പുതിയ വിരൽച്ചിത്രങ്ങൾ നിർമിക്കട്ടെ.

**ഇലമൃഗശാല** പ്രവർത്തനം - 21

- ഇതുപോലെ വ്യത്യസ്ത തരം ഇലകൾ ഒട്ടിച്ച് ജീവികളുടെ ചിത്രം നിർമിക്കൂ. (അനുബന്ധം)

**കടങ്കവിത (പേജ് - 119)** പ്രവർത്തനം - 22

'ഞാനാര്' എന്ന കടങ്കവിത അവതരിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തുന്നു. അതിന്റെ ചിത്രം നോട്ടുപുസ്തകത്തിൽ വരയ്ക്കുന്നു. ഉത്തരം പാഠപുസ്തകത്തിൽ എഴുതട്ടെ. ചിത്രത്തിലെ ജീവികൾ എന്തൊക്കെ ചെയ്യുന്നു?

**എഴുതൂ** പ്രവർത്തനം - 23

കുട്ടികൾ ചിത്രം നോക്കി പറയുന്നു.

- പശു വെള്ളം കുടിക്കുന്നു.

- പൂച്ച എലിയുടെ പിന്നാലെ ഓടുന്നു.
- കാക്ക എരുമയുടെ പുറത്ത് ഇരിക്കുന്നു.

കുട്ടികൾ നോട്ട്പുസ്തകത്തിൽ എഴുതുന്നു. ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. മികച്ചത് ചാർട്ട്പേപ്പർ സ്ട്രിപ്പുകളിൽ എഴുതുന്നു.

- അവതരിപ്പിക്കുന്നു - എഡിറ്റിങ്

**പാടാം** പ്രവർത്തനം - 24

കുഞ്ഞുണ്ണിമാഷുടെ 'പൂച്ചയുടെ കവിത' കുട്ടികൾ പാടുന്നു.
ടീച്ചർ മാതൃകയായി പാടിക്കൊടുക്കുന്നു.

**എത്രയെത്ര ഉപകാരങ്ങൾ?** പ്രവർത്തനം - 25

- മൃഗങ്ങളെക്കൊണ്ട് മറ്റെന്തൊക്കെ ഉപകാരങ്ങൾ/പ്രയോജനങ്ങളുണ്ട്? ചർച്ച.
- കുട്ടികൾ സ്വന്തം അനുഭവങ്ങളിൽ നിന്നുള്ള (മുന്നറിവ്) കാര്യങ്ങൾ പറയുന്നു.
- തുടർന്ന് പേജ് 121 ലെ ചിത്രം നിരീക്ഷിക്കുന്നു - ചർച്ച.
- മൃഗങ്ങളെക്കൊണ്ടുള്ള മറ്റ് ഉപകാരങ്ങൾ പറയുന്നു.

**കടങ്കഥ** പ്രവർത്തനം - 26

- ജീവികളുമായി ബന്ധപ്പെട്ട ചില കടങ്കഥകൾ അവതരിപ്പിക്കുന്നു.
- ഇതു പോലെ മറ്റു കടങ്കഥകൾ (ജീവികളുമായി ബന്ധപ്പെട്ടവ) കണ്ടെത്തി അവതരിപ്പിക്കുന്നു.



ഉദാ: ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി (പേൻ)

- അടുപ്പിൻചോട്ടിലെ അമ്മായിയമ്മ (പൂച്ച)
- 

**കഥ കേൾക്കാം** പ്രവർത്തനം - 27

'കടുവയെ തിന്നുന്ന മാൻ' എന്ന കഥ ടീച്ചർ ആംഗ്യം, ഭാവം, ശബ്ദവ്യതിയാനം എന്നിവയോടെ അവതരിപ്പിക്കുന്നു.
കേട്ട കഥ കുട്ടികൾ സ്വന്തം ഭാഷയിൽ പുനരവതരിപ്പിക്കുന്നു.

- ആശയം ചോർന്നു പോകാതെ പറയാൻ ആർക്കൊക്കെ കഴിയുന്നുണ്ട്?

  'പിന്നത്തെ കാര്യം പറയണോ?' എന്താവും ശരിക്കും സംഭവിച്ചിട്ടുണ്ടാവുക?

**കൂട്ടത്തിൽ പെടാത്തവ** പ്രവർത്തനം - 28

- ഒന്നാം വരിയിലെ ചിത്രത്തിൽ ആരൊക്കെയുണ്ട്?
- ഇവയിലൊന്ന് കൂട്ടത്തിൽപ്പെടാത്തതാണ്. ഏതാണത്? എന്തുകൊണ്ട്?
- രണ്ടാം വരിയിലെ ചിത്രത്തിലും ഇതേപോലെ കണ്ടെത്തി യുക്തി പറയട്ടെ.
- വ്യത്യസ്ത ഉത്തരങ്ങൾക്ക് സാധ്യതയില്ലേ?

**വിട്ടുപോയ ശരീരഭാഗങ്ങൾ വരച്ചു ചേർക്കൂ** പ്രവർത്തനം - 29

കുട്ടികൾ പാഠപുസ്തകത്തിലെ ചിത്രത്തിൽ വിട്ടുപോയ ശരീരഭാഗം ഏതെന്നു കണ്ടെത്തുന്നു. ഓരോ ജീവിയുടെയും നിശ്ചിത ശരീരഭാഗങ്ങളുടെ ആകൃതിയുടെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു. അവ വരച്ചു ചേർക്കുന്നു.

**വായിക്കാം, എഴുതാം** **പ്രവർത്തനം - 30**

പാഠത്തിൽ ഊന്നൽ നൽകിയ അക്ഷരങ്ങളും ചിഹ്നങ്ങളും പ്രയോഗിക്കാനുള്ള അവസരമാണിവിടെ നൽകിയിട്ടുള്ളത്.

ദ, ഡ എന്നീ അക്ഷരങ്ങൾ വരുന്ന പുതിയ വാക്ക് കണ്ടെത്തി എഴുതുകയാണു വേണ്ടത്. 'ൃ ്' എന്നീ ചിഹ്നങ്ങൾ വരുന്ന പദങ്ങളാണ് മൂന്നും നാലും വരികളിൽ ചേർക്കേണ്ടത്.

- ഇവ വരുന്ന വാക്കുകൾ സ്വയം കണ്ടെത്തി എഴുതാൻ എത്രപേർക്കു കഴിയുന്നുണ്ട്?
- അങ്ങനെ കഴിയാത്തവർക്ക് എന്തു സഹായമാണ് ചെയ്യുക?
- പത്രത്തിൽനിന്ന് നിശ്ചിത ചിഹ്നം വരുന്ന വാക്കുകൾ കണ്ടെത്തൽ.
- നിശ്ചിത അക്ഷരങ്ങളും ചിഹ്നങ്ങളും വരുന്ന പ്രാദേശികപാഠങ്ങൾ (Local Text) അവതരിപ്പിക്കൽ.




- ചിഹ്നങ്ങളില്ലാതെ പദങ്ങൾ എഴുതി ഉച്ചാരണവുമായി ബന്ധിപ്പിച്ച് ചിഹ്നങ്ങൾ ചേർക്കൽ.
- ഈ പാഠത്തിൽ പഠിച്ച അക്ഷരങ്ങളും ചിഹ്നങ്ങളും വരുന്ന പദങ്ങൾ ഖണ്ഡികയിൽനിന്ന് കണ്ടെത്തി അടിയിൽ വരയ്ക്കട്ടെ.

**പദങ്ങൾ ചേർത്തെഴുതാം** **പ്രവർത്തനം - 31**

ജീവികളുടെ ശരീരഭാഗങ്ങളുമായി ബന്ധപ്പെട്ട വാക്കുകളും അവയുടെ വിശേഷണങ്ങളുമാണ് പാഠപുസ്തകത്തിൽ.

- തിളങ്ങുന്ന കണ്ണുകൾ
- കൂർത്ത കൊമ്പുകൾ
- പരന്ന കൊക്ക്
- വളഞ്ഞ വാൽ

ഇതുപോലെ കൂടുതൽ ഉദാഹരണങ്ങൾ പറയട്ടെ. അവ ചേർത്ത് വാക്യങ്ങളുണ്ടാക്കി എഴുതട്ടെ.

**വാക്യം ചേർത്ത് എഴുതൽ** **പ്രവർത്തനം - 32**

'ഉം' എന്നു ചേർത്ത് വാക്യങ്ങൾ ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണിത്. കൂടുതൽ ഉദാഹരണങ്ങൾ പറയിക്കുകയും എഴുതിക്കുകയും ചെയ്യാം.

**എനിക്കു കഴിയുന്നത്** **പ്രവർത്തനം - 33**

ഈ യൂണിറ്റിൽ നിന്നുള്ള പഠനനേട്ടങ്ങളുടെ വിലയിരുത്തലാണ് ഈ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്.




**ചങ്ങാതിത്തത്ത**

ഊന്നൽ അക്ഷരങ്ങളും മുൻപാഠങ്ങളിൽ പരിചയിച്ച അക്ഷരങ്ങളും ചേർത്ത് അർഥപൂർണതയുള്ള പദങ്ങൾ, വാക്യങ്ങൾ, ആശയങ്ങൾ എന്നിവ രചിക്കാനുള്ള പ്രവർത്തനമാണിത്. ഇതിലൂടെ വിലയിരുത്താനും സാധിക്കുമല്ലോ.